**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **06-10-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി തീരുവയും കേന്ദ്ര ബജറ്റിലെ അവഗണനയും മൂലം പ്രതിസന്ധിയിലായ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേന്ദ്ര സർക്കാർ തോട്ടണ്ടിയ്ക്ക് ഏർപ്പെടുത്തിയ ഇറക്കുമതി തീരുവ, കേന്ദ്ര ബജറ്റിൽ കശുവണ്ടി മേഖല നേരിടുന്ന തുടർച്ചയായ അവഗണന, കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം, സംസ്ഥാനത്തുണ്ടായ തുടർച്ചയായ പ്രകൃതിക്ഷോഭങ്ങൾ, തോട്ടണ്ടിയുടെ ദൗർലഭ്യം, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് തോട്ടണ്ടിയുടെ ഉയർന്ന സംസ്കരണ ചെലവ് എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ ഒട്ടനവധി പദ്ധതികളും ക്രിയാത്മക ഇടപെടലുകളും നടത്തിയിട്ടുണ്ട്. കശുവണ്ടി മേഖലയിൽ സംസ്ഥാന സർക്കാരിനു കീഴിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ കീഴിലുള്ള 40 ഫാക്ടറികളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടർച്ചയായി പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തും സംസ്ഥാന ബജറ്റിൽ പ്ലാൻ ഫണ്ട് മുഖേന ടി മേഖലയിലെ സർക്കാർ സ്ഥാപനങ്ങൾക്ക് ധനസഹായം ഉറപ്പ് വരുത്തിയുമാണ് ഇത് സാധ്യമാക്കിയത്.<br><br>• കശുവണ്ടി വികസന കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22 മുതൽ 2024-25 |

സാമ്പത്തിക വർഷം വരെ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണ ത്തിനുമായി 545 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 255 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കാഷ്യൂ കോർപ്പറേഷന്റെ 30 ഫാക്ടറികൾ ആധുനികവത്കരിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

- 2025-26 സാമ്പത്തിക വർഷത്തിൽ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കര ണത്തിനുമായി 165 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 140 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.
- നിലവിൽ കോർപ്പറേഷന് ലഭ്യമായ തോട്ടണ്ടി വിനിയോഗിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി 2026 മെയ് മാസം വരെ തൊഴിൽ നൽകാൻ കഴിയുന്നതാണ്.
- ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികളിൽ 535 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.
- കാപ്പക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2020 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 957 ലക്ഷം രൂപ അനുവദിച്ചു.
- കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി 2022-23 മുതൽ 2025-26 വരെ (സെപ്റ്റംബർ 29 വരെ) ആകെ 306.57 ലക്ഷം രൂപയും ബ്രാൻഡ് പ്രൊമോഷന് മേൽ കാലയളവിൽ 54.68 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിച്ചും വൈവിധ്യവത്ക്കരിച്ചും പരമാവധി ആഭ്യന്തര വിപണനം ഉറപ്പ് വരുത്തുന്നതിന് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും സാധിച്ചിട്ടുണ്ട്.
- ഗുജറാത്തിലെ ബനാസ്കാന്ത ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേർസ് യൂണിയൻ ലിമിറ്റഡ് , ഗുജറാത്തിലെ Surat Tapi District Co-operative Milk Producers Union Ltd, തിരുമല തിരുപ്പതി ദേവസ്ഥാനം , ഗുജറാത്ത് വിദ്യ ഡയറി

എന്നിവരുമായി ബന്ധപ്പെട്ട് പുതിയ വിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

- സപ്ലൈകോ, കൺസ്യൂമർ ഫെഡ്, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കൺസ്യൂമർ സൂപ്പർ മാർക്കറ്റുകൾ, പോലീസ് കാന്റീനുകൾ, കൊച്ചിൻ ഷിപ്‌യാർഡ് കാന്റീൻ, സർക്കാർ ഓൺലൈൻ മാർക്കറ്റ് പ്ലാറ്റ്ഫോം ആയ K-shoppeതുടങ്ങിയവ മുഖേന വിപണനവും ഇ-ടെൻഡർ വഴി മൊത്ത കച്ചവടവും കാപ്പക്സ് നടത്തുന്നുണ്ട്. കൂടാതെ ആറ് മൂല്യ വർധിത ഉല്പന്നങ്ങളായ കാഷ്യൂ ബട്ടർ, (വാനില, ചോക്ലേറ്റ്), കാഷ്യൂ പൗഡർ, കശുമാങ്ങ അച്ചാർ, കശുമാങ്ങ സിറപ്പ്, ഫ്യൂഷൻ ജാം എന്നിവയും വിപണിയിൽ ഇറക്കിയിട്ടുണ്ട്.
- കശുവണ്ടി തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുന്നതിന്റെ ഭാഗമായി 09.02.2024 -ൽ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൻ പ്രകാരം 23% കൂലി വർദ്ധനവാണ് നടപ്പിലാക്കിയിട്ടുള്ളത്.
- കാഷ്യു ബോർഡ് 2021-22 മുതൽ 2025-26 വരെ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 62635.237 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകുകയും അതുവഴി കശുവണ്ടി ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.
- 2021-22 മുതൽ 2025-26 വരെ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി 256.51 കോടി രൂപ സർക്കാർ ലോൺ സഹായമായി കാഷ്യു ബോർഡിന് നൽകിയിട്ടുണ്ട്.
- 2025-26 ൽ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പരമാവധി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കേരള ബാങ്കിൽ നിന്നും ലഭ്യമായ 100 കോടി രൂപ വായ്പയ്ക്ക് പുറമേ 50 കോടി രൂപയുടെ One Time Ad hoc വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.
- കൂടാതെ ആഭ്യന്തര തോട്ടണ്ടി സംഭരിക്കുന്നതിനായി സർക്കാർ അംഗീകരിച്ച് നൽകിയ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് 2025-26 ൽ കാഷ്യൂ ബോർഡ് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| | | | • ഐവറികോസ്റ്റുമായി ഗവൺമെന്റ് ടു ഗവൺമെന്റ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് Memorandum of understanding ഒപ്പിടുകയും ഇതുവഴി വരും വർഷങ്ങളിൽ തോട്ടണ്ടി ലഭ്യതയിലെ പ്രതിസന്ധി പരിഹരിക്കാനും സാധിക്കുന്നതാണ്.<br>• സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ മുൻസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തിർപ്പാക്കൽ (OTS) പദ്ധതിയുടെ പരിധിയിൽ 31/03/2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ പരിഗണിച്ച് 2 കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% ഉം 2 കോടിയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NP അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% ഉം അംഗീകരിച്ചാണ് OTS ഉത്തരവായിട്ടുള്ളത്. OTS സ്വീകരിക്കുന്ന അവസാന തീയതി 31/03/2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം 31/12/2024 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ഇത് 31/12/2025 വരെ ദീർഘിപ്പിച്ച് നൽകാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• 24 OTS അപേക്ഷകളിൽ 117.04 കോടി രൂപ ഇതുവരെ Settle ചെയ്തിട്ടുണ്ട്. |
| (ബി) | ഇന്ത്യൻ ഇറക്കുമതി ഉല്പന്നങ്ങളിന്മേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധികചുങ്കം കശുവണ്ടി മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>ഇറക്കുമതി തീരുവയിൽ വർദ്ധന വരുത്താൻ അമേരിക്ക തയ്യാറെടുത്തപ്പോൾ തന്നെ ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ, പ്രത്യേകിച്ച് കയറ്റുമതി മേഖലയിൽ ഉണ്ടാകാൻ ഇടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വ്യക്തമാക്കി |

| | | | |
|---|---|---|---|
| | | | ബഹു.പ്രധാനമന്ത്രിയ്ക്ക് ജൂലൈ 4, 2025 ന് ബഹു.മുഖ്യമന്ത്രി കത്ത് നൽകിയിരുന്നു.<br><br>ഇറക്കുമതി തീരുവ അമ്പത് ശതമാനമായി അമേരിക്ക വർദ്ധിപ്പിച്ചതിനെ തുടർന്ന് കേരളത്തിന്റെ കയറ്റുമതി മേഖലയിൽ ഉണ്ടാകുന്ന ഇടിവും അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതവും ചൂണ്ടിക്കാട്ടി അധിക ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് സെപ്റ്റംബർ 11, 2025-ന് കേരളം അഡീഷണൽ മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ട്.<br><br>2025 ജൂലായ് മാസം അമേരിക്ക ഏർപ്പെടുത്തിയ 25% ഇറക്കുമതി തീരുവയ്ക്ക് പുറമേ 25% അധിക ചുങ്കം (ആകെ 50%) പ്രാബല്യത്തിൽ വന്നതിനു ശേഷം കേരളത്തിൽ നിന്ന് കശുവണ്ടിയുടെ കൺസൈൻമെന്റ് ഒന്നും തന്നെ അമേരിക്കയിലേയ്ക്ക് കയറ്റുമതി ചെയ്യപ്പെട്ടിട്ടില്ല.<br><br>ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള ഇറക്കുമതി തീരുവ 50% വർദ്ധിപ്പിച്ചതിനാൽ മറ്റ് ഉല്പന്നങ്ങളുടെ പോലെ കശുവണ്ടി മേഖലയെയും ബാധിച്ചിട്ടുള്ളതിനാൽ ഇന്ത്യൻ കശുവണ്ടി വ്യവസായികൾക്ക് അമേരിക്കയിലെ മത്സര കമ്പോളത്തിൽ കശുവണ്ടി കയറ്റുമതി ചെയ്യാൻ സാധിക്കുകയില്ല. ഇതുമൂലം കശുവണ്ടി ഉൽപാദനക്കുറവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടവും രാജ്യത്തിന് വിദേശനാണ്യത്തിന്റെ ലഭ്യതയിൽ കുറവും സംഭവിക്കും എന്ന് വിലയിരുത്തുന്നു. കൂടാതെ അമേരിക്കയിലെ കശുവണ്ടി ഇറക്കുമതിക്കാർ ഇന്ത്യയിൽ നിന്നുള്ള ഓർഡറുകൾ കുറയ്ക്കുവാനും വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ കശുവണ്ടി വിതരണക്കാർക്ക് കൂടുതലായി ഓർഡറുകൾ നൽകുന്നതിനും ഇടയാകുന്നതാണ് |
| (സി) | കശുവണ്ടി മേഖലയുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് നടത്തിയ പഠനങ്ങൾ ഈ രംഗത്ത് നടപ്പാക്കി വരുന്ന പദ്ധതികൾക്ക് മുതൽക്കൂട്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി അഞ്ചംഗ വിദഗ്ദ്ധ സമിതി ഈ സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

**A) Continued Operation Linked Stimulus Programme - 20 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക് / പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം , EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**B) Women Friendly Physical infra Creation/ Upgradation - 5 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**C.) Modernization /Upgradation of Shelling Units - 5 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷവും ഈ പദ്ധതിയ്ക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു.

1) Phased mechanization and Technology induction

കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ നവീകരണത്തിന്റെ ഭാഗമായി ഭാഗീക യന്ത്രവൽക്കരണവും ആധുനിക വത്ക്കരണവും സർക്കാർ സാമ്പത്തിക സഹായം വിനിയോഗിച്ച് നടപ്പിലാക്കുകയും ആയത് തുടർന്നു വരികയും ചെയ്യുന്നു.

2) Improve procurement mechanism

തോട്ടണ്ടി സംഭരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വിപണിയിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ഐവറികോസ്റ്റുമായി ഗവൺമെന്റ് ടു ഗവൺമെന്റ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് Memorandum of understanding ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി വരും വർഷങ്ങളിൽ തോട്ടണ്ടി ലഭ്യതയിലെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുന്നതാണ്.

3) Improve the earnings, Social protection and working condition of workers

2025-26 വർഷം നാളിതുവരെ 15768.254 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. 2025-26 വർഷം 175 തൊഴിൽ ദിനങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതുമൂലം തൊഴിലാളികളുടെ വരുമാന വർദ്ധനവും ജീവിതനിലവാരം വർദ്ധിപ്പിക്കലും ആരോഗ്യ പരിരക്ഷയ്ക്കായി ഇ.എസ്.ഐ ആനുകൂല്യങ്ങളും ഉറപ്പു വരുത്തുന്നു.

4) Promote Cashew cultivation in Public Land

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്ത് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം 10119445 കശുമാവ് തൈകൾ ഇതുവരെ പൊതു സ്ഥലങ്ങളിലുൾപ്പെടെ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതിനായി 1569.36898 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് .<br><br>കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയുടെ പ്രോത്സാഹനത്തിനായി,നിലവിൽ പ്രവർത്തിക്കുന്ന കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനായി മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 80 ലക്ഷം രൂപ തിരുവനന്തപുരം (25 ലക്ഷം), കൊല്ലം (45 ലക്ഷം), പത്തനംതിട്ട (5 ലക്ഷം), കാസർഗോഡ് (5ലക്ഷം രൂപ) എന്നീ ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ